ഹരിജൻ കോളനികൾ

* 938. [37] ശ്രീ. കുട്ടപ്പൻ കോയിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷത്തിൽ എത്ര ഹരിജൻ കോളനികൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇവ ഏവിടെയെല്ലാം;

(ബി) തീരപ്രദേശങ്ങളിൽക്കൂടി ഹരിജൻ കോളനികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കൊല്ലംതന്നെ അതു് നടപ്പിൽ വരുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) അഞ്ചു കോളനികൾ സ്ഥാപിക്കുന്നതിനു് ഉദ്ദേശിക്കുന്നു.

1. ചെമ്മനാട്
2. കൊഴിഞ്ഞാംപാറ
3. മാടപ്പള്ളി
4. ആറാറിപ്ര
5. നടത്തറ

(ബി) കരുനാഗപ്പള്ളിത്താലൂക്കിൽ തൊടിയൂർ വില്ലേജിൽ ഇടക്കുളങ്ങര എന്ന സ്ഥലത്തു് ഒരു ഹരിജൻ കോളനി സ്ഥാപിക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടു്. ഈ കൊല്ലം അതു് സ്ഥാപിക്കുവാൻ സാധിക്കുമോയെന്ന തീർച്ച പറയുവാൻ നിവൃത്തിയില്ല.

ലൈബ്രറി ഫീസു്.

* 939. [40] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറിലെ ഹൈസ്കൂളുകളിൽനിന്നും ഇക്കഴിഞ്ഞ വിദ്യാലയ വർഷത്തിൽ ലൈബ്രറി ഫീസിനത്തിൽ മൊത്തം എത്ര രൂപ വരുവുണ്ടു്;

(ബി) ഈവക തുക എന്താവശ്യത്തിനാണു് വിനിയോഗിക്കാവു്;

(സി) ഗ്രന്ഥശാലയെന്നല്ല അലമാരപോലും ഇല്ലാത്ത വിദ്യാലയങ്ങളിൽനിന്നുപോലും ഈവക ഫീസു് ഈടാക്കിവരുന്നുണ്ടോ;

(ഡി) അതാതു സ്കൂളുകളിൽനിന്നു ഈ ഇനത്തിൽ പിരിഞ്ഞുകിട്ടുന്ന തുക മുഴുവൻ അതാതു കൊല്ലംതന്നെ അവിടത്തെ ഗ്രന്ഥശാലയ്ക്കുവേണ്ടി വിനിയോഗിക്കുവാൻ ഉടനടി വേണ്ട ഏർപ്പാടു ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 2,41,771 ക. 13 ണ.

(ബി) സ്കൂളുകളിലെ ലൈബ്രറികളിലേക്കു് പുസ്തകങ്ങളും മാസികകളും വാങ്ങിക്കുന്നതിനുപയോഗിക്കുന്നു.

(സി) എല്ലാ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽനിന്നും ലൈബ്രറിഫീസു് ഈടാക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly